# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രവാസി സമൂഹത്തിനായി ഇന്ത്യ നിരന്തര ഇടപെടലുകൾ നടത്തുന്നതായി കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ.

   **India is making continuous efforts for the expatriate community says Union Finance Minister Nirmala Sitharaman.**

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് മഹാരാഷ്ട്രയിൽ; വിവിധ പരിപാടികളിൽ പങ്കെടുക്കും.

   **Union Home Minister Amit Shah visits Maharashtra today; The Union Minister will participate in various programs.**

3. വ്യാപാര കരാറുകളുടെ സമയപരിധി പാലിക്കാൻ ദേശീയ താൽപ്പര്യത്തിൽ വിട്ടുവീഴ്ച ചെയ്യില്ലെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ.

   **Union Minister Piyush Goyal says, national interest cannot be compromised to meet trade agreement deadlines.**

4. നാടിൻ്റെ പൊതുവായ വികസനം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Overall development of the country is the responsibility of the central and state governments says CM Pinarayi Vijayan.**

5. ചരിത്രം കുറിച്ച് സ്വർണവില. കേരളത്തിൽ ഒരു പവൻ്റെ വില 70,000 പിന്നിട്ടു.

   **Gold price makes history. The price for 8 gms gold in Kerala crosses 70,000 rupees.**

6. ഐ എസ് എൽ ഫുട്ബോൾ കിരീടപ്പോരാട്ടത്തിൽ ഇന്ന് മോഹൻ ബഗാനും- ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും; ഐ പി എൽ ക്രിക്കറ്റിൽ രണ്ടു മത്സരങ്ങൾ.

**In ISL football Mohun Bagan will face Bengaluru FC for the title; two matches in IPL cricket.**

&&&&&&&&&&&&&&&&&

## HEAD LINE – 1

## FM - AUSTRIA

പ്രവാസി സമൂഹത്തിനായി ഇന്ത്യ നടത്തുന്ന നിരന്തര പരിശ്രമങ്ങളും, ഇടപെടലുകളും നടത്തുന്നതായി കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. ഓസ്ട്രിയയിലെ വിയെന്നയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. സ്റ്റാർട്ടപ്പ്, ഫിൻടെക്, ഹരിത സാങ്കേതികവിദ്യകൾ, സുസ്ഥിര നഗര ഗതാഗതം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളിലെയും സംരംഭങ്ങൾക്ക് യോജിച്ചു പ്രവർത്തിക്കാൻ ധാരാളം അവസരങ്ങൾ ഉണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. വിയെന്നയിൽ യൂറോപ്യൻ അഫയേഴ്സ് മന്ത്രിയുമായും ശ്രീമതി സീതാരാമൻ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&

## HEAD LINE – 3

## GOYAL-FTAs (INTRO)

അടുത്ത രണ്ടര ദശകം കൊണ്ട് എട്ട് മടങ്ങോളം വളരാൻ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥക്ക് കഴിയുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. സമാനതകൾ ഇല്ലാത്ത നിക്ഷേപ, വ്യാപാര അവസരങ്ങൾ രാജ്യത്തുണ്ടെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന 9-ാമത് ആഗോള സാങ്കേതിക ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

വ്യാപാര കരാറുകളുടെ സമയപരിധി പാലിക്കുന്നതിനായി ദേശീയ താൽപ്പര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. അമേരിക്ക, യു.കെ., യൂറോപ്യൻ യൂണിയൻ എന്നിവ

ഉൾപ്പെടെ നിരവധി രാജ്യങ്ങളുമായും, കൂട്ടായ്മകളുമായും വ്യാപാര കരാറിൽ എത്താനുള്ള നടപടികൾ
പുരോഗമിക്കുകയാണെന്നും ശ്രീ. ഗോയൽ കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

### AMIT SHAH - MAHA

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മഹാരാഷ്ട്രയിലെ, ചരിത്രപ്രസിദ്ധമായ റായ്ഗഡ് കോട്ട സന്ദർശിച്ചു. ഛത്രപതി ശിവാജിയുടെ 345 ആം ചരമവാർഷികത്തോടനുബന്ധിച്ച്, അദ്ദേഹത്തിന് കേന്ദ്രമന്ത്രി ആദരം അർപ്പിച്ചു. വൈകിട്ട് മുംബൈയിൽ നടക്കുന്ന ഗുജറാത്തി പബ്ലിക്കേഷന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷ ചടങ്ങിലും ശ്രീ ഷാ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

### HANUMAN JAYANTI

ഹനുമാൻ ജയന്തി ഭക്തിപുരസ്സരം ആഘോഷിച്ച് രാജ്യമെമ്പാടുമുള്ള വിശ്വാസികൾ. വിവിധയിടങ്ങളിലുള്ള ഹനുമാൻ ക്ഷേത്രങ്ങളിൽ പുലർച്ചെ മുതൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങൾക്ക് ഹനുമാൻ ജയന്തി ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

### HAJ 2025- SECRETARY VISIT

ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയ സെക്രട്ടറി ചന്ദ്ര ശേഖർ കുമാർ സൗദി അറേബ്യയിൽ എത്തി. ഇന്ത്യൻ തീർത്ഥാടകർക്കായി ഒരുക്കിയിട്ടുള്ള വിവിധ സൗകര്യങ്ങൾ അദ്ദേഹം പരിശോധിച്ചു. സുഗമമായ തീർത്ഥാടനത്തിനായി, ശുചിത്വം ഏറിയതും, സൗകര്യപ്രദവുമായ വിവിധ സജ്ജീകരണങ്ങളിൽ അദ്ദേഹം തൃപ്തി അറിയിച്ചു.

&&&&&&&&&&&&&&&&&&

## J AND K ENCOUNTER

ജമ്മു കശ്മീരിൽ, കിഷ്ത്വാർ ജില്ലയിലെ ഛത്രു വനമേഖലയിൽ നടന്ന ഏറ്റുമുട്ടലിൽ മൂന്ന് ഭീകർ കൊല്ലപ്പെട്ടു. ഇവിടെ നിന്ന് വൻ ആയുധശേഖരവും കണ്ടെടുത്തു. സൈനികനീക്കം ഇപ്പോഴും തുടരുന്നതായാണ് റിപ്പോർട്ട്. ഭീകരരുടെ നീക്കം നിരീക്ഷിക്കാൻ സുരക്ഷാ സേന ദോഡ ജില്ലയിലെ ഭാദേർവ പ്രദേശത്തേക്കും തിരച്ചിൽ വ്യാപിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## J AND K - AKHNOOR

ജമ്മു കശ്മീരിലെ അഖ്നൂർ സെക്ടറിലെ നിയന്ത്രണ രേഖയിൽ ഇന്നലെ രാത്രി, വൻ ആയുധധാരികളായ ഒരു സംഘം ഭീകരരുടെ നുഴഞ്ഞുകയറ്റ ശ്രമം ഇന്ത്യൻ സൈന്യം പരാജയപ്പെടുത്തി. ഏറ്റുമുട്ടലിനിടെ,കരസേനയിലെ ഒരു ജൂനിയർ കമ്മീഷൻഡ് ഓഫീസർ വീരമൃത്യു വരിച്ചു. സംഭവത്തെത്തുടർന്ന്, പ്രദേശത്ത് തെരച്ചിൽ ഊർജിതമാക്കി.

&&&&&&&&&&&&&&&&&

## CHHATTISGARH - MAOISTS KILLED

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ഇന്ദ്രാവതി വനമേഖലയിൽ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്.

&&&&&&&&&&&&&&&&&

## HEAD LINE – 4

## KOZHIKODE HOSPITAL - CM

നാടിൻ്റെ പൊതുവായ വികസനം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിട നിർമാണ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ആരോഗ്യരംഗത്തെ നേട്ടങ്ങളെ പിന്നാട്ട് നയിക്കുന്ന അശാസ്ത്രീയ പ്രവണതകൾ സമൂഹത്തിനെതിരാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിൽ

ഉൾപ്പെടുത്തിയാണ് ആശുപത്രി കെട്ടിട രണ്ടാംഘട്ട നിർമാണം അനുവദിച്ചത്. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയായിരുന്നു

&&&&&&&&&&&&&&&&&&

## WAYANAD - CHOORALMALA, MUNDAKAI

വയനാട്, ചൂരൽമല- മുണ്ടക്കൈ ടൗൺഷിപ്പിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്നലെയാണ് ഹൈക്കോടതിയിൽ നിന്നും ഭൂമി ഏറ്റെടുക്കാൻ ഉത്തരവുണ്ടായത്. രാത്രിയോടെ 17 കോടിയോളം രൂപ കെട്ടിവെച്ച് തുടർനടപടികൾ പൂർത്തീകരിച്ചാണ് ഇന്ന് രാവിലെ മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## GOLD RATE

ചരിത്രം കുറിച്ച് സ്വർണവില. കേരളത്തിൽ ഒരു പവൻറെ വില 70,000 പിന്നിട്ടു. ഇന്ന് പവന് 70,160 രൂപയും ഗ്രാമിന് 8770 രൂപയുമാണ് വില. പവന് 200 രൂപയുടെ വർധനവാണുണ്ടായത്. ലോകവിപണിയിലും കഴിഞ്ഞ ദിവസം സ്വർണം നേട്ടത്തോടെയാണ് വ്യാപാരം അവസാനിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## ISL (INTRO)

ഐ എസ് എൽ ഫുട്ബോൾ 11-ാം സീസണിൻറെ കലാശപ്പോരിൽ ഇന്ന് കരുത്തരായ മോഹൻ ബഗാനും ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

**ആകാശവാണിക്കു വേണ്ടി സുരേഷ് എടപ്പാൾ തയ്യാറാക്കിയ റിപ്പോർട്ട്................**

**(ഹോൾഡ്-വോയ്സ്)**

&&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ടി20 ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഉച്ചകഴിഞ്ഞ് 3:30 ന് ലഖ്നൗ ഏകാന സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നത്തെ രണ്ടാമത്തെ മത്സരത്തിൽ പഞ്ചാബ് കിംഗ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 7:30 ന് മത്സരം ആരംഭിക്കും.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ കടലാക്രമണത്തിനു സാധ്യതയുണ്ട്. ആലപ്പുഴ തീരത്ത് നാളെ ഉച്ച വരെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

## VISHU SPECIAL TRAIN

വിഷുക്കാലത്തെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ബംഗളുരു SMVT സ്റ്റേഷനിൽ നിന്ന് എറണാകുളം വരെയും തിരിച്ചും പ്രത്യേക ട്രെയിൻ സർവ്വീസ് ഏർപ്പെടുത്തി ദക്ഷിണ റെയിൽവേ. ഇന്ന് വൈകിട്ട് SMVT ബംഗളുരുവിൽ നിന്നും സർവീസ് ആരംഭിക്കും. തിരിച്ച് ഈ മാസം 14 ന് എറണാകുളത്ത് നിന്ന് സർവ്വീസ് നടത്തുന്ന രീതിയിലാണ് ക്രമീകരണം.

&&&&&&&&&&&&&&&&&&

## PALM SUNDAY

നാളെ ഓശാന ഞായർ. യേശുക്രിസ്തുവിൻറെ ജറുസലേം പ്രവേശനത്തിൻറെ സ്മരണകളിൽ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, കുരുത്തോല പ്രദക്ഷിണവും നടക്കും. ഇതോടെ വിശുദ്ധ വാരത്തിന് നാളെ തുടക്കമാകും.

&&&&&&&&&&&&&&&&&&

## LADAKH - APRICOT BLOSSOM FESTIVAL

ലഡാഖിൽ ഏപ്രിക്കോട്ട് ബ്ലോസ്സം ഫെസ്റ്റിവലിന് ഇന്നലെ തുടക്കമായി. കാർഗിൽ വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കാർഗിലിലെ സൻജാഖ് ഗ്രാമത്തിൽ നടക്കുന്ന ഏപ്രിക്കോട്ട് പുഷ്പോത്സവം, ഈ മാസം ഇരുപത്തി ഒന്ന് വരെ തുടരും.

&&&&&&&&&&&&&&&&&&

## TELANGANA - TREE MAN

തെലങ്കാനയിലെ വൃക്ഷമനുഷ്യൻ എന്നറിയപ്പെടുന്ന പദ്മശ്രീ ജേതാവ് ഡി. രാമയ്യ അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഇന്ന് രാവിലെയായിരുന്നു അന്ത്യം. പരിസ്ഥിതി സംരക്ഷണത്തിന് നൽകിയ സംഭാവനകൾക്ക് 2017 ലാണ് രാമയ്യയെ പദ്മശ്രീ നൽകി ആദരിച്ചത്. തന്റെ ജീവിതകാലത്ത് ഒരു കോടിയിലധികം വൃക്ഷത്തൈകളാണ് അദ്ദേഹം നട്ടുപിടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## DGFT-HELPDESK

വ്യാപാര രംഗത്ത് ഉയർന്ന് വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ട് 'ആഗോള താരിഫ് - വ്യാപാര ഹെൽപ്പ്ഡെസ്ക്' പ്രവർത്തനക്ഷമമാക്കി കേന്ദ്രസർക്കാർ. ഇറക്കുമതി - കയറ്റുമതി വെല്ലുവിളികൾ, വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ, ബാങ്കിംഗ് തുടങ്ങിയവ ഹെൽപ്പ്ഡെസ്ക് കൈകാര്യം ചെയ്യുമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. വ്യാപാരികൾക്ക് dgftedi@nic.in എന്ന ഇമെയിൽ വിലാസത്തിലോ 1800-111-550 എന്ന ടോൾ ഫ്രീ നമ്പറിലോ പരാതികൾ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## TARIFF WAR

അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് ചൈന ഏർപ്പെടുത്തിയ 125 ശതമാനം തീരുവ നിലവിൽ വന്നു. നേരത്തെ ഏർപ്പെടുത്തിയ 84 ശതമാനം അധിക തീരുവയാണ് ചൈന 125 ശതമാനമായി ഉയർത്തിയത്. ചൈനീസ് ഉത്പന്നങ്ങളുടെ തീരുവ 145 ശതമാനമായി ഉയർത്താനുള്ള യുഎസ് നീക്കത്തിന്

പിന്നാലെയാണ് നടപടി. ചൈനയ്ക്ക് മേൽ യുഎസ് അമിത തീരുവ ചുമത്തുന്നത് അന്താരാഷ്ട്ര സാമ്പത്തിക, വ്യാപാര നിയമങ്ങളുടെ ഗുരുതര ലംഘനമാണെന്ന് ചൈനീസ് ധനകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## YEMEN – ISRAEL

ഇസ്രായേലിലെ ടെൽ അവീവ് ലക്ഷ്യമാക്കി ഡ്രോൺ ആക്രമണം നടത്തിയതായി യമനിലെ ഹൂതി വിഭാഗം. പലസ്തീൻ ജനതയെ പിന്തുണയ്ക്കുന്നതിനായാണ് ആക്രമണങ്ങൾ നടത്തിയതെന്ന് ഹൂതി സൈനിക വക്താവ് പ്രസ്താവനയിലൂടെ അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&